# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.6430 — 08.11.2016 ൽ മറുപടിയ്ക്ക്

## താൽക്കാലിക ജയിൽ വാർഡൻമാരുടെ ശമ്പളം

| | ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ജയിൽ വകുപ്പിൽ ജയിൽ വാർഡൻ തസ്തികയിൽ താൽക്കാലികമായി ജോലി നോക്കിവരുന്നവരുടെ ശമ്പളം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ; ശമ്പള വർദ്ധനവ് പരിഗണനയിലുണ്ടോ ; | (എ)<br>&<br>(ബി) | 07.10.2016- ലെ സ.ഉ.(സാധാ) 3050/2016/ആഭ്യന്തരം എന്ന ഉത്തരവു പ്രകാരം ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി ജോലി ചെയ്തു വരുന്ന ദിവസ വേതനക്കാരുടെ വേതനം 700/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | സമാന തസ്തികകളിൽ ഉണ്ടായ ശമ്പള വർദ്ധനവ് താൽക്കാലിക ജയിൽ വാർഡൻമാർക്കുകൂടി അനുവദിച്ചു നൽകുമോ ; | | |
| (സി) | ശമ്പളം വർദ്ധിപ്പിച്ചുകൊണ്ട് ഇറങ്ങിയ ഉത്തരവുകൾ ഏതെല്ലാം ; വിശദ വിവരം പകർപ്പ് സഹിതം നൽകുമോ ; | (സി) | 07.10.2016- ലെ സ.ഉ. (സാധാ) നം. 3050/2016/ആഭ്യന്തരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ഡി) | ജയിൽ ചപ്പാത്തി യൂണിറ്റുകളിൽ ആത്മാർത്ഥമായും ഉയർന്ന സേവന മനോഭാവത്തോടെയും ജോലി ചെയ്തു വരുന്ന താൽക്കാലിക ജയിൽ വാർഡൻമാർക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ടോ ; പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ ഭാവിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദ വിവരം നൽകുമോ ; | (ഡി) | നിലവിൽ ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ഇ) | ജയിൽ വകുപ്പിലെ താൽക്കാലിക ജയിൽ വാർഡൻമാർക്കും കെ.പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്കും വ്യത്യസ്ത ശമ്പളമാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഒരേ നിരക്കിൽ ശമ്പളം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ? | (ഇ) | ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താത്കാലിക ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ നിരക്കിൽ ശമ്പളം നൽകുന്ന കാര്യം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് -ജയിലുകൾ- അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി ജോലി ചെയ്തുവരുന്ന ദിവസ വേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

ആഭ്യന്തര (ബി) വകുപ്പ്

സ.ഉ.(സാധാ.) നം.3050/2016/ആഭ്യന്തരം തീയതി, തിരുവനന്തപുരം, 07.10.2016

==========================================================

പരാമർശം : 1) ധനകാര്യ വകുപ്പിന്റെ 26.2.2016- ലെ ജി.ഒ.(പി) 28/16/ഫിൻ.
2). ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 25.5.2016 തീയതിയിലെ ഇ3-22527/15 നമ്പർ കത്ത്.

## ഉത്തരവ്

ജയിൽ വകുപ്പിൽ താൽക്കാലിക വാർഡന്മാരുടെ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന വിമുക്തഭടന്മാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് പരമാർശ (2) ലെ കത്തു പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിന്റെ പരാമർശം (1) ലെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസറായി ജോലി ചെയ്തുവരുന്ന ദിവസവേതനക്കാരുടെ വേതനം 700/- രൂപയാക്കി (എഴുനൂറ് രൂപ മാത്രം) - വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ആർ. ഷീലാറാണി,
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്
ധനകാര്യ വകുപ്പ് (Ex C3/109/2016/Fin dt.9.9.2016 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ